## 15 -ാം കേരള നിയമസഭ

## 11 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6011** **09-07-2024 - ൽ മറുപടിയ്ക്ക്**

## ചെറുകിട വ്യവസായ സ്ഥാപനങ്ങൾക്ക് പ്രവർത്തിക്കുവാനുള്ള ലൈസൻസ്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി.പി. ചിത്തരഞ്ജൻ** | | **ശ്രീ. പി. രാജീവ്**<br>**(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | ചെറുകിട വ്യവസായ സ്ഥാപനങ്ങൾക്ക് പ്രവർത്തിക്കുവാനുള്ള ലൈസൻസ് ലഭ്യമാക്കുന്നതിനുള്ള പൊല്യൂഷൻ കൺട്രോൾ ബോർഡിന്റെ അനുമതി വൈകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കാലതാമസം ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ? | (എ) | ചെറുകിട വ്യവസായ സ്ഥാപനങ്ങൾക്ക് പ്രവർത്തിക്കുവാനുള്ള ലൈസൻസ് ലഭ്യമാക്കുന്നതിനുള്ള പൊല്യൂഷൻ കൺട്രോൾ ബോർഡിന്റെ അനുമതി വൈകുന്നത് ശ്രദ്ധയിൽപ്പെട്ട ചുരുക്കം കേസുകളിൽ പൊല്യൂഷൻ കൺട്രോൾ ബോർഡും സംരംഭകരുമായി ബന്ധപ്പെട്ട് വേഗത്തിൽ ക്ലിയറൻസ് ലഭ്യമാക്കുന്നതിന് ഫീൽഡ് ലെവൽ ഓഫീസർമാർ വഴി സമയബന്ധിതമായ ഇടപെടൽ നടത്തുകയും പ്രശ്നം നിയമപരമായി പരിഹരിക്കുകയും ചെയ്തിട്ടുണ്ട്.<br><br>ജില്ലാ കേന്ദ്രങ്ങളിൽ മാത്രമാണ് ടി വകുപ്പിനെ ഓഫീസുകൾ ഉള്ളത്. സമയബന്ധിതമായി പരിശോധന നടത്തുന്നതിനുള്ള ജീവനക്കാരുടെ കുറവാണ് ഇത്തരം പരാതികൾ ഉണ്ടാകുന്നതിനുള്ള കാരണമായി ചൂണ്ടിക്കാണിക്കപ്പെടുന്നത്. ഏതെങ്കിലും സാഹചര്യത്തിൽ ലൈസെൻസ് ലഭ്യമാക്കുന്നതിനു കാലതാമസം ഉണ്ടാവുകയാണെങ്കിൽ അത്തരം കേസുകൾ ഏകജാലക ക്ലിയറൻസ് ബോർഡ് പരിഗണിക്കുകയും സമയബന്ധിതമായി തീർപ്പാക്കുന്നതിന് മലിനീകരണ നിയന്ത്രണ ബോർഡിന് നിർദേശം നൽകുകയും ചെയ്തു വരുന്നു.<br><br>സംരംഭകർക്ക് വിവിധ വകുപ്പുകളിൽ നിന്നുള്ള അനുമതികൾ ലഭിക്കുന്നതുമായി ബന്ധപ്പെട്ട് ഉണ്ടാകുന്ന പരാതികൾ പരിഹരിക്കുന്നതിനായി പരാതി പരിഹാര സംവിധാനം (Grievance Redressal System) നിലവിൽ വന്നിട്ടുണ്ട്. ജില്ല/ സംസ്ഥാന പരാതി പരിഹാര കമ്മിറ്റികൾ മുഖേനയാണ് ഈ സംവിധാനം പ്രവർത്തിക്കുന്നത്. മലിനീകരണ നിയന്ത്രണ ബോർഡുമായി ബന്ധപ്പെട്ട് പരാതികൾ ലഭിക്കുകയാണെങ്കിലും ഈ സംവിധാനം ഉപയോഗിച്ച് പരിഹാരം കാണാവുന്നതാണ്. |

സെക്ഷൻ ഓഫീസർ